**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 138

28.01.2019 ൽ മറുപടിക്ക്

## ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട അക്രമങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | 2019 ജനുവരി 8,9 തീയതികളിൽ നടന്ന ദേശീയ പണിമുടക്ക് ദിവസം സെക്രട്ടേറിയറ്റിന് സമീപത്തെ എസ്.ബി.ഐ.ട്രഷറി ബ്രാഞ്ച് സമരാനുകൂലികൾ അടിച്ചുതകർത്തതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലോ പോലീസ് സ്വമേധയായോ കേസെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ബ്രാഞ്ച് മാനേജർ സന്തോഷ് കരുണാകരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.48/2019 u/s 143,147,149,447,294(b),506(i) IPC & Sec.3(i) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കേസിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇവർ ഏത് സംഘടനയിലെ അംഗങ്ങളാണെന്നും അറിയിക്കാമോ; | (ബി) 8 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ സംയുക്ത സമര സമിതിയിൽപ്പെട്ടവരാണ്. |
| (സി) | അക്രമത്തിൽ എത്ര ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; ഈ നാശനഷ്ടം എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) അക്രമത്തിൽ 1,50,000 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. നാശനഷ്ടം പരിഹരിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ